**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3457** **26-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ കാർഷിക-സംഭരണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങൾക്ക് ഉൽപാദന ചെലവിന്റെ ഒന്നര ഇരട്ടിയെങ്കിലും തറവില നൽകി സംഭരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) | കാർഷിക ഉൽപന്നങ്ങൾ സംഭരിക്കുന്നതിനായി പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; സംസ്ഥാനത്ത് എത്ര സംഭരണ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | കാർഷിക ഉൽപന്നങ്ങൾ സംഭരിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ / വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം കൃഷി വകുപ്പിലൂടെയും അൻപത് ശതമാനം സബ്സിഡി നൽകി സഹകരണ വകുപ്പിലൂടെയും നടപ്പിലാക്കുന്നു. 3 സംഭരണ കേന്ദ്രങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ കൃഷി വകുപ്പിന്റെ കീഴിൽ 100% സാമ്പത്തിക സഹായത്തോടെ ഇടുക്കി ജില്ലയിൽ ഒരെണ്ണവും, സഹകരണ വകുപ്പിന്റെ കീഴിൽ 50 ശതമാനം സബ്സിഡി നൽകികൊണ്ട് രണ്ടു സംഭരണ കേന്ദ്രങ്ങളും ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള കേന്ദ്രങ്ങളുടെ സ്ഥലം എവിടെയെല്ലാമാണെന്നു തീരുമാനിക്കേണ്ടതായിട്ടുണ്ട്. കൂടാതെ കാസറഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ കീഴിൽ സംഭരണ കേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ